# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP

### KANDANAD

*(For private circulation among members only)*

(Reg. No. ER 184/08

Website: www.alunkal.com Email: info@alunkal.com

Vol. 10 No. 1 March 2018


***Presidential column:***

## Value system in family and society

The advancement of human from primeval nomadic mode of existence to that of family and society is the most significant stage in our cultural evolutionary process. The growth of civilization that we witness in human history is mainly a product of superior social behavior of our species, anchored on family system. The society consists of families and, therefore, its values are indistinguishable from each other.

Being a unit of the larger society, a family needs to operate within a common framework based on an ethical code that the society prescribes. One can name it as civilization, culture or simply ‘a model code of conduct’. Every individual, who claims to be a member of the larger society, needs to respect and adhere to this model code, lest it would lead to friction, hostility, estrangement, etc; that would adversely affect the integrity of the whole order.

As responsible members of the society it is our duty to see that our deeds and dealings conform to values and codes acceptable to others. In simple terms, the very survival of a society is based on the values that its members uphold, which is otherwise affirmed as **collective co-existence**. Human history is replete with cited examples on misuse of social system meeting with undesirable end. Let us all try to live in peace and promote harmony in family and society.

Dr. A.C. Paul

## Editorial

നമ്മുടെ ഫെല്ലോഷിപ്പിന്റെ 18-ാമത് കുടുംബസംഗമവും വാർഷിക പൊതുയോഗവും 2018 ജനുവരി 21 ഞായറാഴ്ചയായിരുന്നുവല്ലോ. ഈ ലക്കം ന്യൂസ് ലെറ്റർ പ്രസ്തുത സമ്മേളനത്തിന്റെ വിശദാംശങ്ങൾ കുടുംബാംഗങ്ങളുമായി പങ്കുവെയ്ക്കുന്നു. ഇവ ക്രിയാത്മകമായി വിലയിരുത്തുകയും നിങ്ങളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഭാരവാഹികളെ അറിയിക്കുകയും ചെയ്യുമെന്ന് ആശിക്കുന്നു.

നമ്മുടെ ദീർഘവീക്ഷണരായ മുതിർന്ന സ്ഥാപക അംഗങ്ങളുടെ സംരക്ഷണയിൽ വളർന്നുവന്ന ഈ പ്രസ്ഥാനം മികവാർന്ന കരുതലിലൂടെയാണ് സ്വയം പര്യാപ്തതയിൽ എത്തിച്ചേർന്നിട്ടുള്ളത്. സുതാര്യതയും, കുലീനമായ നേർക്കാഴ്ചയും, കൃത്യതയുമാണ് ഈ സംഘടനയുടെ നിലനിൽപ്പിനും, കെട്ടുറപ്പിനും, വളർച്ചക്കും നിദാനം. ഇത്തരം ഗുണഫലങ്ങളെ നിലനിർത്തുന്നതിനും, വികസിപ്പിക്കുന്ന തിനും ഏറെ സഹായകരമായി ഈ പ്രസ്ഥാനത്തെ പരിചരിക്കുന്ന പ്രവർത്തക സമിതി അംഗങ്ങളെ പ്രത്യേകം ശ്ലാഘിക്കുന്നു.

നാട്ടിലും, വിദേശത്തുമായി നിവസിക്കുന്ന നമ്മുടെ കുടുംബാംഗങ്ങൾ ഈ പ്രസ്ഥാനത്തോട് തികഞ്ഞ കൂറും വിധേയത്വവും പുലർത്തുന്നുണ്ട്. വരും നാളുകളിൽ ഈ കൂട്ടായ്മ കൂടുതൽ ശക്തിയും, പ്രസക്തിയും ആർജ്ജിക്കുമെന്ന് വിശ്വസിക്കുന്നു.

# കുടുംബ സംഗമം - 2018

വിവരണം : ലില്ലി വർഗീസ് & ജെയിംസ് തോമസ്

മുൻ വർഷങ്ങളിലേതുപോലെ ഫെല്ലോഷിപ്പ് അംഗങ്ങളുടെ രജിസ്ട്രേഷനിലൂടെയാണ് വാർഷിക സമ്മേളനത്തിന് തുടക്കം കുറിച്ചത്. രാവിലെ 11 മണിക്ക് ആരംഭിച്ച രജിസ്ട്രേഷന് ശ്രീ.അവിരാ വർഗീസ് നേതൃത്വം നൽകുകയും ശ്രീമതി.ലില്ലി വർഗീസ്, ശ്രീ.പോൾ മാത്യു, ശ്രീ.അരുൺ പോൾ എന്നിവർ പങ്കെടുക്കുകയും ചെയ്തു. രജിസ്റ്റർ ചെയ്ത എല്ലാ അംഗങ്ങൾക്കും പുതുക്കിയ കുടുംബ ഡയറക്ടറിയുടെ പതിപ്പുകൾ നൽകി.

ഉച്ചക്ക് 12 മണിയോടെ, കായിക മത്സരങ്ങൾ ആരംഭിച്ചു. ശ്രീമതി,ലില്ലി വർഗീസ്, ശ്രീ.പോൾ മാത്യു, ശ്രീ.ഏ.എം.യോഹന്നാൻ, ശ്രീ. സാജു ജോൺ എന്നിവർ മേൽനോട്ടം വഹിച്ചു.

## മത്സര ഇനങ്ങളും വിജയികളും

1. മിഠായി പെറുക്കൽ :

   ഡിയോൺ എൽദോ, യൂജിൻ അജയ്

2. മ്യൂസിക്കൽ ചെയർ (കുട്ടികൾ) :

   നൈന മറിയം ബിജു, ഏഞ്ചൽ മരിയാ

3. മ്യൂസിക്കൽ ചെയർ (സ്ത്രീകൾ - സീനിയർ) :

   അമ്പിളി അജയ്, സബിതാ ഷെറിൻ

4. മ്യൂസിക്കൽ ചെയർ (സ്ത്രീകൾ - സൂപ്പർ സീനിയർ) :

   അമ്മിണി അബ്രാഹം, ഡോ. ഷീല മോഹൻ

5. മ്യൂസിക്കൽ ചെയർ (പുരുഷന്മാർ) :

   ടോണി മാത്യു കോശി, എൽദോ പോൾ

6. സ്പൂൺ റേസ് (കുട്ടികൾ) :

   എസ്കിയേൽ ജിജോ, നൈന മറിയം ബിജു, യൂജിൻ അജയ്

7. സ്പൂൺ റേസ് (ജൂനിയർ) :

   നൈന സൂസൻ ജോബ്സി, ഏഞ്ചൽ മരിയ

8. സ്പൂൺ റേസ് (സീനിയർ) :

   അനുജ ബിജു, രശ്മി അരുൺ

9. സ്പൂൺ റേസ് (സൂപ്പർ സീനിയർ) :

   ബേബി വിനോയ്, ബേബി അബ്രാഹം

10. സ്പൂൺ റേസ് (പുരുഷന്മാർ) :

    സോളമൻ ഷെറിൻ, ഡോ. ആനന്ദ് മോഹൻ

## കലാ പ്രകടനങ്ങളും, താരങ്ങളും

കുട്ടികളുടെയും, മുതിർന്നവരുടെയും ലളിതകലാ പ്രാവീണ്യം പ്രകടിപ്പിക്കുവാനുള്ള അവസരവും, വേദിയും വാർഷിക സമ്മേളനത്തോടനുബന്ധിച്ച് സജ്ജമാക്കിയിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം, രണ്ടര മണിയോടെ, കലാപ്രകടനങ്ങൾ അരങ്ങേറി. നൈന ജോബ്സി, മേഘനാ ജോബ്സി, അനു സാജു, അലിൻഡാ സാജു, അജിഷാ സാറ മോഹൻ, ഏഞ്ചൽ മരിയ, റോബിൻ കുര്യൻ, ഡോ. ജോൺസ് എന്നിവർ വളരെ ഹൃദ്യമായ ഗാനങ്ങൾ ആലപിച്ചു. ശ്രീമതി. മോളി ഫിലിപ്പ്, രശ്മി അരുൺ, ഷീബാ സജി എന്നീ വനിതകൾ ഭക്തിസാന്ദ്രമായ ഗാനങ്ങൾ അവതരിപ്പിച്ചു. തുടർന്ന് അനു സാജു - അലിൻഡാ സാജു സഹോദരിമാർ സംഘഗാനവും, ചൈതന്യപൂർണ്ണവും, വർണ്ണാഭവുമായ നൃത്തവും കാഴ്ചവെച്ചു. കലാ-സാംസ്കാരിക പ്രകടനങ്ങൾ മികവുറ്റതും, ഏറെ ഹൃദ്യവുമായിരുന്നവെന്ന് വിലയിരുത്തപ്പെട്ടു.

## പൊതുയോഗം

യോഗനടപടികൾ, വൈകിട്ട് മൂന്നുമണിയോടെ, ഫെലോഷിപ്പിന്റെ പേട്രൻ അഭിവന്ദ്യ മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു.ഡോ.ഏ.സി.പോൾ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ.അവിരാ വർഗീസ്, വിശിഷ്ട അതിഥി ശ്രീ.സെജി മൂത്തേരിൽ അവർകളും ഫെലോഷിപ്പിന്റെ മുതിർന്ന അംഗങ്ങളും വേദിയിൽ ഉപവിഷ്ടരായിരുന്നു.

നൈന സൂസൻ ആലപിച്ച പ്രാർത്ഥനാ ഗാനത്തെത്തുടർന്ന് ശ്രീമതി.സാനുബാ കുര്യൻ, 2017 വർഷം നമ്മിൽനിന്നും വാങ്ങിപ്പോയവരുടെ അനുസ്മരണം നിർവ്വഹിച്ചു. തുടർന്ന് സദസ്സ് എഴുന്നേറ്റുനിന്ന് പരേതർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

യോഗനടപടികളുടെ തുടക്കമായി ശ്രീ.ജെയിംസ് തോമസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പുതിയതായി രൂപകൽപ്പന ചെയ്ത കുടുംബ ഡയറക്ടറിയുടെ സവിശേഷതകൾ വിവരിച്ച ശ്രീ.ജെയിംസ് പ്രസ്തുത ദൗത്യത്തിൽ സംഘടനയുടെ മുതിർന്ന അംഗമായ ശ്രീ.കെ.വി.മോഹൻദാസ് നിർവ്വഹിച്ച പങ്കിനെ പ്രത്യേകം എടുത്തു പറഞ്ഞു.തുടർന്ന് നിലവിളക്ക് തെളിയിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി യോഗത്തിന്റെ ഔപചാരിക ഉൽഘാടനം നിർവ്വഹിച്ചു.

ഡോ.ഏ.സി.പോൾ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ, ആലുകൽ ഫാമിലി ഫെല്ലോഷിപ്പിനെ പ്രായം കുറഞ്ഞ ഒരു ആൽമരത്തോട് ഉപമിച്ചു. ഫെല്ലോഷിപ്പ് പിന്നിട്ട 23 വർഷങ്ങൾ ഒരു ആൽവൃക്ഷത്തിന് തുലോം ഹൃസ്വമായ കാലഘട്ടമാണെന്നും വിലയിരുത്തി. ശതാബ്ദങ്ങൾ പഴക്കമുള്ള ആൽമുത്തശ്ശികളെ നമുക്ക് പല സ്ഥലങ്ങളിലും കാണുവൻ സാധിക്കുമെന്നും, പ്രായമേറുന്തോറും ഈ കുലീന വൃക്ഷങ്ങൾ തങ്ങളുടെ ശിഖരങ്ങളിലൂടെ വേരുകൾ ഇറക്കി ചെറുപ്പവും കൂടുതൽ ശക്തിയും ആർജ്ജിക്കുമെന്നും പ്രസ്താവിച്ചു. നമ്മുടെ സംഘടനയുടെ ചിഹ്നമായി കണക്കാക്കുന്ന ആൽവൃക്ഷത്തെപ്പോലെ, വരും നാളുകളിൽ, ഈ സംഘടനയും കൂടുതൽ ശക്തിയാർജ്ജിച്ച് വളരുമെന്ന് അദ്ദേഹം പ്രബോധിപ്പിച്ചു.

അഭിവന്ദ്യ തിരുമേനി തന്റെ അശിർവാദ പ്രസംഗത്തിൽ കുടുംബത്തിലെ അംഗങ്ങളുടെ കൂടിവരവ് വളരെ ഗൃഹാതുരത്വം ഉളവാക്കുന്ന സന്ദർഭമാണെന്ന് എടുത്തുപറഞ്ഞു. താൻ പ്രതീക്ഷിച്ച അംഗസംഖ്യ ഇത്തവണ സദസ്സിൽ ദൃശ്യമല്ല എന്നും അദ്ദേഹം നിരീക്ഷിച്ചു. തുടർന്ന് ഫാമിലി

ഡയറക്ടറിയുടെ പുതുക്കിയ പതിപ്പ് ഫെല്ലോഷിപ്പിന്റെ പ്രസിഡന്റ് ഡോ.ഏ.സി.പോളിന് നൽകിക്കൊണ്ട് തിരുമേനി അതിന്റെ പ്രകാശനം നിർവ്വഹിച്ചു.

മുഖ്യാതിഥി ശ്രീ. സെജി മൂത്തേരിൽ അവർകൾ, ഏ.എം.തോമസ് അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു.

## ***ഏ.എം.തോമസ് അനുസ്മരണ പ്രഭാഷണം***

ഫെല്ലോഷിപ്പിന്റെ സ്ഥാപക അദ്ധ്യക്ഷനായിരുന്ന ശ്രീ.ഏ.എം.തോമസ്സിനെ, രാഷ്ട്രീയ സാമൂഹിക സാമുദായിക മേഘലകളിൽ ഒരു അതികായനായ വ്യക്തിയായി വിശേഷിപ്പിച്ചു. ഇന്ത്യൻ രാഷ്ട്രീയത്തിൽ മൂന്നു പ്രധാനമന്ത്രിമാരുടെ കൂടെനിന്ന് പ്രവർത്തിക്കുവാനുള്ള അസുലഭ ഭാഗ്യം ലഭിച്ച വിരലിൽ എണ്ണാവുന്ന രാഷ്ട്രീയക്കാരിൽ ഒരാളായിരുന്നു ശ്രീ.തോമസ്. സാംബിയ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ ഹൈക്കമ്മീഷണർ പദവികളിലൂടെ രാജ്യത്തിന്റെ യശസ് ഉയർത്തി കാണിക്കുവാൻ ശ്രീ.തോമസിനു കഴിഞ്ഞു. കെ.വി.ഐ.സിയുടെ ചെയർമാൻ ആയിരുന്ന കാലത്ത് ശ്രീ.തോമസ് പല ഖാദി ഗ്രാമ വ്യവസായങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരികയും അനേകം ആളുകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു എന്നുള്ളത് കേരള ജനതക്ക് മറക്കുവാൻ കഴിയില്ലെന്ന് ശ്രീ.സെജി മൂത്തേരിൽ എടുത്ത് പറഞ്ഞു.




[ശ്രീ.ഏ.എം.തോമസിനോടും കുടുംബത്തോടും ശ്രീ.സെജി പുലർത്തിയിരുന്ന സ്നേഹബന്ധവും, കുടുംബാംഗങ്ങളെ പോലെതന്നെ ശ്രീ.തോമസിനെ 'അപ്പച്ചൻ' എന്നുമാത്രം സംബോധന ചെയ്തിരുന്ന കാരവ്യം അദ്ദേഹം ഗൃഹാതുരയോടെ ഓർമ്മിച്ചു. രാഷ്ട്രയ=സാമൂഹ്യ മേഖലകളിൽ ശ്രീ.തോമസിന്റെ ക്രിയാത്മകമായ ഇടപെടലുകൾ സാധാരണ ക്കാർക്ക് എല്ലാ വിധത്തിലും ഉത്തേജനം പ്രദാനം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം അനുസ്മരിക്കുകയും, പുതിയ തലമുറയെ അദ്ദേഹത്തിന്റെ കാല്പാടുകളെ പിൻതുടരാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു.]

മാനവ പ്രേമത്തിന്റെ പാതയിൽ സഞ്ചരിക്കുകയും ഊഷരമായ ഈ ഭൂമിയെ മനോഹര കർമ്മങ്ങളാൽ സമ്പന്നമാക്കുകയും ചെയ്ത ഗാന്ധിയുഗത്തിലെ കർമ്മയോഗിയായ ശ്രീ.ഏ.എം. തോമസിനു മുമ്പിൽ തന്റെയും കുടുംബത്തിന്റെയും പ്രണാമം അർപ്പിച്ചുകൊണ്ട് ശ്രീ.സെജി മൂത്തേരിൽ തന്റെ പ്രഭാഷണം ഉപസംഹരിച്ചു.

തുടർന്ന് ശ്രീമതി.ലില്ലി വർഗീസ് 2017 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സദസ്സിൽ അവതരിപ്പിച്ചു. റിപ്പോർട്ട് ഐക്യകണ്ഠേ്യന യോഗം അംഗീകരിച്ചു. ശ്രീ.പോൾ മാത്യു അവതരിപ്പിച്ച ധനവിനിയോഗ റിപ്പോർട്ട് 2017, തുടർ ചർച്ചക്ക് വിധേയമാക്കാതെ യോഗം അംഗീകരിച്ചു.

നവദമ്പതികളായ ഡോ.വിനു വർഗ്ഗീസ് - ഡോ.സൗമ്യ സൂസൻ എന്നിവരെ ശ്രീ.ഏലിയാസ് എബ്രാഹം സദസ്സിന് പരിചയപ്പെടുത്തുകയും മംഗളാശംസകൾ നേരുകയും ചെയ്തു.

അടുത്തത്, വിവിധ എൻഡോവ്മെന്റുകളുടെ വിതരണമായിരുന്നു. റവ.ഫാ.ഏ.വി.അബ്രാഹം, ശ്രീ.ഏ.എം.തോമസ്, ശ്രീമതി.സാറാമ്മ കുര്യൻ, ശ്രീമതി.സാറാമ്മ വർഗീസ്, ശ്രീമതി.സഫീറ അബ്രാഹം, ശ്രീ.ഏ.ഐ.കുര്യൻ, ശ്രീമതി.ലൗലി പോൾ, ശ്രീ.ഏ.വി.മത്തായി എന്നീ കുടുംബാംഗങ്ങളുടെ പാവന സ്മരണയിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത എൻഡോവ്മെന്റുകൾ അർഹരായവർക്ക് വിതരണം ചെയ്തു. (വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു)

***എൻഡോവ്മെന്റ് വിതരണം***

വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നൽകിയ വിവിധ എൻഡോവ്മെന്റുകളും അവയ്ക്ക് അർഹരായ ജേതാക്കളും :

1. റവ. ഫാ. ഏ.വി.അബ്രാഹം മെമ്മോറിയൽ എഡ്യുക്കേഷണൽ എൻഡോവ്മെന്റ് :

   വന്ദ്യ പിതാവിനാൽ സ്ഥാപിതമായ ഗവന്മേന്റ് എൽ.പി സ്കൂളിലെ കുമാരി അമിഖ എസ് മരിയ, മാസ്റ്റർ ആഷിക് സജിത്ത്, മാസ്റ്റർ നിഖിൽ റ്റി.എസ് എന്നീ 3 കുട്ടികൾക്ക് നൽകപ്പെട്ടു.

2. ശ്രീ. ഏ.എം.തോമസ് മെമ്മോറിയൽ എഡ്യുക്കേഷണൽ എൻഡോവ്മെന്റ് :

   തിരുവാങ്കുളം ഹൈസ്കൂളിൽ നിന്ന് 2017-ൽ എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്കുനേടിയ രാഹുൽ എന്ന വിദ്യാർത്ഥിക്ക് നൽകി.

3. ശ്രീമതി സാറാമ്മ കുര്യൻ, ശ്രീമതി. സഫീറ അബ്രാഹം, ശ്രീമതി.സാറാമ്മ വർഗീസ് എഡ്യുക്കേഷണൽ എൻഡോവ്മെന്റ് :

   ഈ എൻഡോവ്മെന്റ് പ്ലസ് 2 വിദ്യാർത്ഥിയായ ഏ.എഫ്.എഫിലെ ആഷിൽ ഷാജിക്ക് ലഭിച്ചു.

4. ശ്രീ. ഏ.ഐ.കുര്യൻ പ്രൈസ് :

   ഈ സമ്മാനം ഏ.എഫ്.എഫിലെ പത്താം ക്ലാസ് [redacted]ടോഷറായ കുര്യൻ ഏലിയാസിന്‌ലഭിച്ചു.

5. ചികിത്സാ ധനസഹായം

   ലൗലി പോൾ - ഏ.വി.മത്തായി മെഡിക്കൽ എൻഡോവ്മെന്റ് :

   ഇപ്രാവശ്യം ഏ.എഫ്.എഫിലെ ശ്രീ. ഏ.എം.യോഹന്നാന് തുടർ ചികിത്സക്കായി ലഭിച്ചു.

6. 2018-ലെ പ്രവർത്തക സമിതി

   ശ്രീ.പോൾ ബോബൻ വരണാധികാരിയായി 2018-ലെ പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. നിലവിലുള്ള അംഗങ്ങളെ കൂടാതെ, ശ്രീമതി.മോളി ഫിലിപ്, ശ്രീ.അരുൺ രാജ് എന്നിവരെ പുതിയ പ്രവർത്തക സമിതിയിൽ ഉൾപ്പെടുത്തി

കൃതജ്ഞത, സമ്മാനദാനം, ലക്കി ഡിപ് എന്നിവക്ക് ശ്രീ.ഷെറിൻ ബേബി നേതൃത്വം നൽകി.

സമ്മേളന വേദിയിലെ എല്ലാ പരിപാടികളും സ്പുടതയോടും, കൃത്യതയോടും കോമ്പെയർ ചെയ്ത് അവതരിപ്പിച്ച ശ്രീ.കെ.വി.മോഹൻദാസ് പ്രത്യേക പ്രശംസ അർഹിക്കുന്നു. പ്രൊഫഷണൽ മികവോടെ ഉള്ളതായിരുന്നു അദ്ദേഹത്തിന്റെ അവതരണ ശൈലി.

പൊതുയോഗാനന്തരം പുതിയ പ്രവർത്തക സമിതിയുടെ പ്രഥമ യോഗം അതേ വേദിയിൽ നടന്നു. വൈകിട്ട് 7 മണിയോടെ 18-ാമത് കുടുംബസംഗമത്തിന് സമാപനമായി.

## സങ്കീർത്തനങ്ങളിൽ അടങ്ങിയിരിക്കുന്ന ആത്മനിവേദനങ്ങളും പ്രപഞ്ച സത്യങ്ങളും

ഡോ.എ.സി.പോൾ :

ആത്മാവിന്റെ ഭാഷയെന്നോ, രോദനമെന്നോ, നിവേദനമെന്നോ എന്നെല്ലാം വിശേഷിപ്പിക്കാവുന്ന പ്രാർത്ഥനാ ശകലങ്ങളാണ് സങ്കീർത്തനങ്ങൾ. അവയിൽ ചിലതെല്ലാം നമ്മുടെ നിത്യ പ്രാർത്ഥനകളിൽ അമൂല്യ മുത്തുകളായി തിളങ്ങുന്നു. പക്ഷെ, നിത്യപ്രാർത്ഥനകൾ പലപ്പോഴും യാന്ത്രികമായി തീരുമ്പോൾ അവയിൽ അടങ്ങിയിരിക്കുന്നത് എന്താണെന്നുപോലും പലരും മനസ്സിലാക്കുന്നില്ല. സങ്കീർത്തനങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രപഞ്ചസത്യങ്ങൾ, സൃഷ്ടാവ്-സൃഷ്ടി ബന്ധം, ആത്മസമർപ്പണം ആദിയായവ ചേമ്പിലയിലെ വെള്ളം പോലെ നാവിൽ തത്തിക്കളിക്കുന്നതല്ലാതെ നമ്മുടെ ബോധമനസ്സിനെ സ്പർശിക്കുന്നുണ്ടോയെന്ന് സ്വയം പരിശോധിക്കേണ്ടതാണ്.

നിത്യപ്രാർത്ഥനകളിൽ, മിക്ക ഭവനങ്ങളിലും മുടക്കംകൂടാതെ നിർവ്വഹിക്കപ്പെടുന്നത്, സന്ധ്യാ പ്രാർത്ഥനയാണല്ലോ? അതിൽ അടങ്ങിയിരിക്കുന്ന ചില സങ്കീർത്തന വരികൾ താഴെ വിവരിക്കുന്നു.

“കർത്താവേ, അങ്ങയെ ഞാൻ വിളിച്ചുവല്ലോ. എന്നോട് ഉത്തരമരുളിച്ചെയ്യേണമേ......” ഇതാണ് നാം ആമുഖമായി അപേക്ഷിക്കുന്നത്. തന്റെ ബലഹീനതയും, നിസ്സഹായ അവസ്ഥയും സൃഷ്ടാവിന്റെ മുന്നിൽ സമർപ്പിക്കുന്നതിനൊപ്പം “എന്റെ വചനങ്ങളെ സൂക്ഷിച്ചു കേൾക്കേണമേ..” എന്ന ഒരു കേഴലും ഇതിൽ അടങ്ങിയിരിക്കുന്നു.

“എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും, ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കേണമേ.” ഇവിടെ ചേർത്തുവായിക്കേണ്ട മറ്റൊരു കർതൃവചനം ശ്രദ്ധിക്കുക. “വായിലേക്ക് എടുക്കുന്നത് ഒന്നുമല്ല മനുഷ്യനെ അശുദ്ധനാക്കുന്നത്, വായിൽനിന്നും പുറപ്പെടുന്നതാകുന്നു മനുഷ്യനെ അശുദ്ധമാക്കുന്നത്.” സംസാരശുദ്ധിക്ക് എത്ര പ്രാധാന്യമാണ് ഇവിടെ കൽപ്പിച്ചിരിക്കുന്നത്!

“എനിക്കായി കണി (കെണി) കളെ മറച്ചുവെച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽനിന്നും എന്നെ കാത്തുകൊള്ളേണമേ.” വഞ്ചനയും ചതിയും മറച്ചുപിടിച്ച് കപട ബഹുമാനം പ്രകടിപ്പിക്കുന്നതായ വഞ്ചകരെയാണ് ഇവിടെ തുറന്നു കാണിക്കുന്നത്. ദൈനംദിന ജീവിതത്തിൽ നാം എപ്പോഴും നേരിടുന്ന ചതിക്കുഴികൾ വളരെ വ്യക്തമായി കാണിച്ചുതരുന്നവയാണ് ഈ വരികൾ.

“എന്റ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ......” എന്നു തുടങ്ങുന്ന വരികളിൽ ജീവത രഹസ്യങ്ങളും, ഊടുവഴികളും എല്ലാം നാം സൃഷ്ടാവിന്റെ മുൻപിൽ തുറന്നിടുകയാണെന്ന് ഓർക്കണം. “എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവന്മാർ ആയതുകൊണ്ട് ....” ഈ വചനങ്ങളിൽ പീഡിപ്പിക്കപ്പെടുന്നവരുടെ രക്ഷയും, സങ്കേതവും ദൈവമാണ് എന്ന മറ്റൊരു ജീവിതസത്യമാണ് അനാവരണം ചെയ്യപ്പെടുന്നത്. പ്രതിഹാര ദാഹം മൂർച്ഛിച്ച് ‘നിന്നെ ഞാൻ കണ്ടോളാം’ എന്ന് വീമ്പിളക്കുന്ന പലരും നമ്മുടെ ഇടയിൽ ഉണ്ട്. യഥാർത്ഥത്തിൽ അത്തരത്തിലുള്ളവരാണ് കൂടുതൽ പീഡനങ്ങൾ ഏറ്റുവാങ്ങുന്നത്. പ്രകോപനങ്ങളിൽ സമചിത്തത പാലിക്കുകയാണ് ഉത്തമം.

“അങ്ങയുടെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു....” ഇതിനോട് ഉപമിക്കാവുന്നത് ‘വെളിച്ചമേ നയിച്ചാലും’ എന്ന ഐതിഹാസിക വരികളാണ്. വചനം ജീവിതത്തിന്റെ വെളിച്ചവും വഴികാട്ടിയുമാണ്. അത് ഊടുവഴികളെ **(dark and narrow lanes)** പ്രകാശിപ്പിക്കുകയും, കാലിടറാതെ സംരക്ഷിക്കുകയും ചെയ്യുന്നു.

“എന്റെ ദേഹി എല്ലായ്പ്പോഴും അങ്ങയുടെ കൈകളിൽ ഇരിക്കുന്നു.....” തികഞ്ഞ ആത്മസമർപ്പണമാണ് ഇവിടെ ദൃശ്യമാകുന്നത്. സൃഷ്ടാവിനോടുള്ള പൂർണ്ണ വിധേയത്വവും, സൃഷ്ടാവിന് സൃഷ്ടിയിലുള്ള പൂർണ്ണ അധികാരവും ഈ വരികളിൽ നിറഞ്ഞു നിൽക്കുന്നു.

സങ്കീർത്തന ഭാഗങ്ങൾ മനസ്സിലാക്കിയും, പൂർണ്ണമായി ഉൾക്കൊണ്ടും പ്രാർത്ഥിക്കുമ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തി അനുഭവിച്ചുതന്നെ അറിയുക!

**NB:** സങ്കീർത്തനങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രപഞ്ചസത്യങ്ങൾ ആധുനിക ഭൗതികശാസ്ത്ര നിഗമനങ്ങളെ വെല്ലുന്നവയാണ്. ശാസ്ത്രസത്യങ്ങളിലേക്കുള്ള ചൂണ്ടുപലകയാണ് സങ്കീർത്തനങ്ങൾ എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ! (തുടരും...)

[redacted]

സാനുബ കുര്യൻ :

മറ്റുള്ളവരോടുള്ള ബന്ധം സുഗമവും വിജയകരവുമാക്കുന്നതിന് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

1. ഓരോ വ്യക്തിക്കും അർഹിക്കുന്ന മൂല്യം നൽകുക. ഇത് ലഭിക്കാതെ പോകുമ്പോഴാണ് അസംതൃപ്തി ഉണ്ടാകുന്നത്.

2. മര്യാദപൂർവ്വമായ സംസാരവും, പെരുമാറ്റത്തിൽ ആദരവും വിനയവും പാലിക്കുക. അന്യരുടെ വികാരങ്ങളെയും ആഗ്രഹങ്ങളെയും സാഹചര്യങ്ങളെയും ആത്മാർത്ഥമായി പരിഗണിക്കുവാൻ ശ്രമിക്കുക.

3. നാം വിശ്വസിക്കുന്നതോ വിശ്വസിക്കണമെന്ന് താൽപര്യപ്പെടുന്നതോ ആയ കാര്യങ്ങൾ സത്യമാകണമെന്നില്ല. ന്യായീകരണങ്ങൾക്ക് മുതിർന്ന് ഒരിക്കലും സത്യത്തെ വളച്ചൊടിക്കരുത്. അതുകൊണ്ട് ഒരിക്കലും സത്യവിരുദ്ധമായി നിലകൊള്ളരുത്. തുറന്ന മനസ്സും സത്യം അംഗീകരിക്കാനുള്ള ആർജ്ജവവും ആവശ്യമാണ്.

4. നമ്മുടെ വാക്കും, എഴുത്തും കഴിയുന്നതും ചുരുക്കം വാക്കുകളിലായിരിക്കണം. മറ്റുള്ളവർക്ക് നിർദ്ദേശങ്ങളും ആഹ്വാനങ്ങളും നൽകുമ്പോൾ വളച്ചുകെട്ടിയും വലിച്ചുനീട്ടിയും വിഷയങ്ങൾ അവതരിപ്പിക്കാതിരിക്കുക. പറയുന്നതിൽ വ്യക്തതയും ആർജ്ജവവും ആവശ്യമാണ്.


5. ഉദാരമതികൾ ആയിരിക്കുക. മറ്റുള്ളവരുടെ അദ്ധ്വാനവും പ്രയത്നവുമാണ് നമ്മുടെ ദൗത്യം വിജയകരമാക്കുന്നത്. മറ്റുള്ളവർക്ക് സഹായഹസ്തം നീട്ടുമ്പോൾ നിശ്ചയമായും അവരുടെ പ്രീതിയും കൃതജ്ഞതയും നമുക്ക് ലഭിക്കും. സ്നേഹത്തിൽ നിന്ന് രൂപംകൊള്ളുന്ന ഔദാര്യം ഒരിക്കലും വിസ്മരിക്കപ്പെടുന്നില്ല. ഉചിതമായും സന്ദർഭത്തിനനുസരിച്ചും ഔദാര്യം കാണിക്കുവാൻ സാധിക്കണം. അപ്പോൾ നമ്മുടെ ഹൃദയം മറ്റുള്ളവരിലേക്ക് തുറക്കപ്പെടുകയാണ്. ഹൃദയം തുറക്കപ്പെടുമ്പോൾ കരങ്ങൾ താനെ നീളുകയും ചെയ്യും. സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു.

സാമുഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ പലപ്പോഴും നാം അവഗണിക്കുന്നു. തുല്യ സ്ഥാനവും പദവിയും ഉള്ളവരെ നാം താൽപര്യത്തോടെ സ്വീകരിക്കുന്നു. ഉന്നത സ്ഥാനീയരെ അത്യാദരവോടെ പരിഗണിക്കാനും നാം മറക്കുന്നില്ല.

എതു വ്യക്തിയും അംഗീകരിക്കപ്പെടേണ്ടവനും ആദരിക്കപ്പെടേണ്ടവനുമാണ്. ഇന്നത്തെ സൗഭാഗ്യാവസ്ഥ നാളെ നഷ്ടമായി എന്നുവരാം. സാഹചര്യങ്ങൾക്കേ മാറ്റമുണ്ടാവുകയുള്ളൂ. വ്യക്തിക്ക് മാറ്റം വരുന്നില്ല. അതുകൊണ്ട് ആരെയും നിസ്സാരരാക്കി ചിന്തിച്ചുകൂടാ.

കടപ്പാട് : **Social Study Class, MOSCMMH, Kolenchery**

## OBITUARY



Mr.P.I.John, Pynadath, Ankamali, Life Member of AFF expired on 21st March 2018. He was aged 80 years. Mr. John survived by his wife Mary (Kunjumol) and children Joby, Abraham & Maria. Mr. John and family were active members of AFF. Wreath was placed on behalf of the Fellowship as a mark of respect to the departed. His funeral was conducted at St. Mary's Jacobite Sunoro Church, Angamali. AFF condoles the demise of the veteran member and pray for eternal peace of his soul.

## AFF DAIRY

1. ജനനം

   ജിനു പോൾ - അമ്പിളി ജിനു ദമ്പദികൾക്ക് 08/11/2017-ൽ ഒരു ആണകുട്ടി ജനിച്ചു.

   ടോണി മാത്യു - അനു ടോണി ദമ്പദികൾക്ക് 29/09/2017-ൽ ഒരു പെൺകുട്ടി ജനിച്ചു.

   ശിശുക്കൾക്ക് ആയുരാരോഗ്യങ്ങൾ നേരുന്നു.

2. ഏ.സി.കുഞ്ഞൂഞ്ഞ് & ഏ.സി.ബേബി മെമ്മോറിയൽ ലക്കി ഡിപ് വിജയികൾ

   18-ാമത് കുടുംബ സംഗമത്തിന്റെ സമാപനവേളയിൽ നടന്ന ലക്കി ഡിപ്പിൽ സമ്മാനാർഹരായവർ

   1. ഡോ.ഏ.സി.പോൾ  2. ശ്രീ.പോൾ മാത്യു  3. ശ്രീ.വിനോയ് തോമസ്

3. പുതിയ പേട്രൻ മെമ്പർമാർ

   ശ്രീ.സജി ജോൺ, ഡോ.സുരേഷ് മാത്യു ശ്രീ.ഏ.ബി.ഷെറിൻ

4. പുതിയ ലൈഫ് മെമ്പർമാർ

   ശ്രീമതി.എമി മാത്യു, ശ്രീമതി.അനു ടോണി, ശ്രീമതി.ജിനു പോൾ

5. The Editorial Committee of AFF Newsletter acknowledges the special role of Mr.K.V.Mohandas for DTP and printing of this edition, with diligence and care.

[redacted]

She looked out the tiny window,
Up above, far out of reach,
Just like her Freedom ...
She sought an escape ...
A leap and it would end ...

And, she'll be free ...
Laughing and Singing,
In the world she wanted to be ...
Listening to those voices,
That no one ever heard ...
A leap and she would be out ...

She could finally be herself ...
Her happy self, her sad self, her "crazy" self ...
Anything she chose to be,
Without a care or fear in the world ...
Explore the world in her head,
The one they kept her away from ...
A leap and it would be over ...

The restraints, the "No"s,
The strong pills,
The electricity coursing through her body ...
Just one leap and she can breathe again ...

Laugh again, cry again, wander again ...
But leap she could not ...
Not that she, did not want to,
But 'cause she was held back ...
Restrained by her anklet ...

Not a beautiful dream,
But a nightmare of chains ...
The anklet that tethered her to the bed,
And to the world of strict confines of sanity ...

[redacted]